"ഭരണഭാഷ മാതൃഭാഷ"

നം. KDFWF/C/MEMDB/2018 കേരള ക്ഷീരകർഷക ക്ഷേമനിധി

തിരുവനന്തപുരം, തീയതി. 23.06.2018

## സർക്കുലർ നം.- 4/2018

വിഷയം :- ക്ഷീരകർഷക ക്ഷേമനിധി - അംഗത്വ അപേക്ഷ സമർപ്പണം - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നും വിഷയസംബന്ധമായി നൽകിയിരിക്കുന്ന സർക്കുലറുകൾ.

കേരളത്തിലെ ക്ഷീരസംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന ക്ഷീരകർഷകർക്കാണ് ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അർഹത. എന്നാൽ ആയതിലേയ്ക്ക് ക്ഷീരകർഷകർ ക്ഷേമനിധി അംഗത്വം നേടേണ്ടതായുണ്ട്. ക്ഷേമനിധി അംഗത്വത്തിനു വേണ്ടിയുള്ള നിയമാനുസൃതമായ യോഗ്യത നേടിയവരിൽ തന്നെയും പലർക്കും അംഗത്വ അപേക്ഷകൾ സമർപ്പിക്കാത്തത് കാരണം ക്ഷേമനിധി അംഗത്വം ലഭിച്ചതായി കാണുന്നില്ല. സമയബന്ധിതമായി അംഗത്വം നേടാൻ ആകാത്തതുകൊണ്ട് തന്നെ ഇവർക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നുമുണ്ട്. ഈ സാഹചര്യത്തിൽ വിഷയസംബന്ധമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാലെങ്കിലും ക്ഷീരസംഘങ്ങളിൽ വിപണനം നടത്തിയിട്ടുള്ള 18 വയസ്സ് പൂർത്തിയായ ക്ഷീരകർഷകർക്കാണ് ക്ഷേമനിധി അംഗത്വത്തിന് അർഹത. അത്തരത്തിലുള്ള ക്ഷീരകർഷകർക്ക് യോഗ്യത നേടിയതിന്റെ തൊട്ടടുത്ത സാമ്പത്തിക വർഷം ഏപ്രിൽ മാസം തന്നെ അംഗത്വം നൽകുന്നതിനുള്ള നടപടികൾ ക്ഷീരസംഘം സെക്രട്ടറിമാർ കൈക്കൊള്ളേണ്ടതാണ്. ആയതിലേയ്ക്ക് ക്ഷീരസംഘങ്ങൾക്ക് വർഷാവസാനം സഹകരണ നിയമപ്രകാരം തയ്യാറാക്കുന്ന സജീവ അംഗങ്ങളുടെ പട്ടിക പ്രയോജനപ്പെടുത്താവുന്നതാണ്. ഓരോ സാമ്പത്തിക വർഷാവസാനവും യോഗ്യരായ എല്ലാ കർഷകർക്കും ക്ഷേമനിധി അംഗത്വം ലഭിച്ചിട്ടുണ്ട് എന്ന് ബ്ലോക്ക്തല ക്ഷീരവികസന ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.
2. അംഗത്വത്തിനായി മാന്വലായി സമർപ്പിച്ചിരുന്ന അപേക്ഷകൾ പ്രകാരമാണ് ക്ഷേമനിധി അംഗത്വം നൽകി വന്നിരുന്നത്. എന്നാൽ 2015 ഏപ്രിൽ മാസം മുതൽ ക്ഷേമനിധി അംഗത്വ അപേക്ഷ സമർപ്പണം പൂർണ്ണമായും ഓൺലൈൻ സംവിധാത്തിലേയ്ക്ക് മാറ്റിയതിനാൽ തന്നെ മാന്വൽ അപേക്ഷ സ്വീകരണം നിർത്തലാക്കിയിരുന്നു. എന്നാൽ 2015 മാർച്ച് മാസം 31 വരെ അംഗത്വ ഫീസടച്ച ക്ഷീരകർഷകർക്ക് അപേക്ഷകൾ മാന്വലായി സമർപ്പിക്കുന്നതിനു അനുമതി നൽകിയിരുന്നു. ടി തീയതിയ്ക്ക് മുമ്പായി അംഗത്വ ഫീസടച്ച് ക്ഷേമനിധിയിലേക്ക് ഫോർവേർഡ് ചെയ്യാതെ ബാക്കി നിൽപ്പുണ്ടായിരുന്ന അപേക്ഷകൾ സമർപ്പിക്കപ്പെട്ടു കഴിഞ്ഞതായി കരുതുന്നു. ആയതിനാൽ തന്നെ മാന്വൽ അപേക്ഷകൾ ക്ഷേമനിധി തുടർന്ന് സ്വീകരിക്കുന്നതല്ല എന്ന്

അറിയിക്കുന്നു. ഇത്തരത്തിലുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഏതെങ്കിലും ഫീൽഡ് ഓഫീസുകളിൽ ഇനിയും ബാക്കി നിൽപ്പുണ്ടെങ്കിൽ ആയത് ഓൺലൈനായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊള്ളുന്നു.

3. ക്ഷേമനിധി അംഗത്വം ലഭിച്ചിട്ടും ക്ഷേമനിധി ഡാറ്റാബേസിൽ പേർ ഉൾപ്പെട്ടിട്ടില്ലാത്തവർ ഉണ്ടെങ്കിൽ ആയവർക്കു അംഗത്വ ഡാറ്റാ ബേസ് ന്യൂനത പരിഹരണ പ്രഫോർമ ഉപയോഗിച്ച് ഡാറ്റാബേസിൽ ഉൾപ്പെടാവുന്നതാണ്. എന്നാൽ അത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നവർ ക്ഷേമനിധി അംഗത്വം ലഭിച്ചതിനുള്ള രേഖകളായ ക്ഷേമനിധിയിൽ നിന്നും അംഗീകരിച്ചു നൽകിയിട്ടുള്ള ക്ഷേമനിധി തിരിച്ചറിയൽ കാർഡിന്റെ പകർപ്പോ, സീൽ പതിപ്പിച്ച ഫാറം നമ്പർ -1 ന്റെ പകർപ്പോ സാക്ഷ്യപ്പെടുത്തി ഉൾക്കൊള്ളിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

OFFICE OF THE CHIEF EXECUTIVE OFFICER, KERALA DAIRY FARMERS WELFARE FUND
Date : ....................
Thiruvananthapuram

പകർപ്പ് :

1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (ഈ സർക്കുലറിലെ വിവരങ്ങൾ അതാത് ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും ഡയറി ഫാം ഇൻസ്ട്രക്ടർമാരെയും അറിയിക്കേണ്ടതാണ്)
5) എല്ലാ ക്ഷീരജാലകം പ്രമോട്ടർമാർക്കും